## പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 615 29.06.2011—ൽ മറുപടിക്ക്

## കുടിവെള്ളക്ഷാമം പരിഹരിക്കാൻ നടപടി

**ചോദ്യം**

ശ്രീ. പി.സി. വിഷ്ണുനാഥ്

**മറുപടി**

ശ്രീ. പി. ജെ. ജോസഫ്

(ജലവിഭവ വകുപ്പ് മന്ത്രി)

(എ) ആലപ്പുഴ ജില്ലയിൽ ചെങ്ങന്നൂർ നിയോജകമണ്ഡലത്തിലെ ചെന്നിത്തല, തൃപ്പെരുംതുറ, തേവർകടവ് പ്രദേശങ്ങളിലെ കുടിവെള്ളക്ഷാമം പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ ആണ് സ്വീകരിക്കുക എന്ന് വ്യക്തമാക്കുമോ;

(എ) ജില്ലയിലെ കുരട്ടിശ്ശേരി, മാന്നാർ ചെന്നിത്തല, തൃപ്പെരുംതുറ വില്ലേജുകൾക്കു വേണ്ടിയുള്ള കുടിവെള്ള വിതരണ പദ്ധതിയുടെ പ്രായിക്കരയിലുള്ള സ്രോതസ്സ്, കിണർ, പമ്പ് ~~ഹൗസ്,~~ പമ്പ്സെറ്റ് സ്ഥാപിക്കൽ, ശുദ്ധീകരണശാലയിലേക്കുള്ള പമ്പിംഗ് മെയിൻ, ശുദ്ധീകരണശാല എന്നിവ പൂർത്തിയാക്കി പദ്ധതി ഭാഗികമായി കമ്മീഷൻ ചെയ്തു.

ശുദ്ധീകരണശാലയിൽനിന്നും ചെന്നിത്തലയിലെ തൃപ്പെരുംതുറയിൽ പൂർത്തിയായ ഉന്നതതല ജല സംഭരണിയിലേക്കുള്ള പമ്പിംഗ് മെയിനിന്റെ ടെണ്ടർ നടപടികൾ തുടർന്നുവരുന്നു. വിതരണശൃംഖലയിൽ 33 കി.മീ പണികൾ പൂർത്തിയായി. വിതരണ ശൃംഖലയുടെ ബാക്കിപണികൾക്ക് പദ്ധതി റിപ്പോർട്ട് തയ്യാറാക്കേണ്ടതുണ്ട്.

(ബി) പ്രസ്തുത പ്രദേശങ്ങളിലെ കിണറുകൾ വെള്ളം ഉപയോഗിക്കുവാൻ സാധിക്കാത്തവിധം മലിനമാവുന്നത് തടയുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു; വ്യക്തമാക്കുമോ?

(ബി) ഭൂജലനിയമത്തിലെ റൂൾ 15 (ജെ) പ്രകാരം ഭൂജലസ്രോതസ്സുകളുടെ മലിനീകരണം തടയുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതിന് ഭൂജല വകുപ്പിന് നിർദ്ദേശം നൽകുന്നതാണ്.

സെക്ഷൻ ഓഫീസർ